LIBRARY ARCHIVES Kerala Legislative Assembly

പുനർവിന്യാസവും തസ്തിക വെട്ടിക്കുറയ്ക്കലും

19 [1595] ശ്രീ. വി. ഡി സതീശൻ:
,, ജോർജ് ജെ. മാത്യു:
,, കെ. എ. ചന്ദ്രൻ:
,, ഇ. എം. അഗസ്തി:
,, എം. മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പുനർവിന്യാസത്തിന്റെയും തസ്തിക വെട്ടിക്കുറയ്ക്കലിന്റേയും ഭാഗമായി ഏതെങ്കിലും വകുപ്പിൽ നിന്ന് ജീവനക്കാരെ റീ-അറേഞ്ച് ചെയ്തിട്ടുണ്ടോ;

(ബി) എങ്കിൽ എത്രയുംവേഗം അവർക്ക് അനുയോജ്യമായ നിയമനം നൽകുവാൻ നടപടിയെടുക്കുമോ?

ഉത്തരം

(എ ആന്റ് ബി) വിവിധ സർക്കാർ വകുപ്പുകളിലെ അധിക തസ്തികകളുടെ നിർത്തലാക്കൽ/പുനർവിന്യാസം എന്നിവ സംബന്ധിച്ചുള്ള ഉത്തരവുകളുടെ അടിസ്ഥാനത്തിൽ, എല്ലാ വകുപ്പുകളിലും വിവിധ തസ്തികകളിൽ നിലവിലുണ്ടായിരുന്ന ഒഴിവുകൾ ശ്രദ്ധാപൂർവ്വം കണക്കാക്കി ടി ഒഴിവുകൾ 1-12-2003-ന് ശേഷം പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യണമെന്ന് † 19-11-2003-ലെ സർക്കാർ ഉത്തരവ് (പി) നമ്പർ 34/03/ഉ.ഭ.പ.വ.-ൽ നിഷ്കർഷിച്ചിട്ടുണ്ട്. ടി ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഏതെങ്കിലും വകുപ്പുകൾ ഏതെങ്കിലും തരത്തിലുള്ള റീ-അറേഞ്ച്മെന്റുകൾ നടത്തിയിട്ടുണ്ടോ എന്നതിനെപ്പറ്റി വിശദവിവരം ശേഖരിച്ചുവരുന്നു.

കായികതാരങ്ങൾക്ക് ജോലി നൽകുന്ന പദ്ധതി

20 [1596] ശ്രീ. ബി. വിജയകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കായികതാരങ്ങൾക്ക് ജോലി നൽകുന്ന പദ്ധതി അനുസരിച്ച് ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സർക്കാർ സർവ്വീസിൽ ജോലി നൽകിയിട്ടുള്ളവരുടെ പേരുവിവരവും ജോലി നൽകിയിട്ടുള്ളത് ഏതെല്ലാം സർവ്വീസുകളിലാണെന്നും വെളിപ്പെടുത്തുമോ;

(ബി) പബ്ലിക് സർവ്വീസ് കമ്മീഷൻ പ്രസിദ്ധീകരിക്കുന്ന റാങ്ക് ലിസ്റ്റുകളിൽ നിന്നുള്ള നിയമനത്തിൽ കായിക താരങ്ങൾക്ക് മുൻഗണനയും റാങ്ക് നിർണ്ണയിക്കുന്നതിൽ വെയിറ്റേജ് മാർക്കും നൽകുക പതിവുണ്ടോയെന്ന് വ്യക്തമാക്കാമോ;

(സി) എങ്കിൽ ഇതു സംബന്ധിച്ച വിശദാംശങ്ങൾ വ്യക്തമാക്കാമോ;

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ഡി) ഇപ്രകാരം സ്പോർട്ട്സ് കാറ്റഗറിയിൽ പുതിയതായി നിയമനം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ;

(ഇ) എങ്കിൽ ഇതു സംബന്ധിച്ച വിശദവിവരം ലഭ്യമാക്കാമോ?

ഉത്തരം

(എ) പ്രഗത്ഭ കായികതാരങ്ങൾക്ക് സർക്കാർ സർവ്വീസിൽ നിയമനം നൽകുന്ന പദ്ധതിപ്രകാരം കഴിഞ്ഞ സർക്കാരിന്റെ കാലത്ത് നിയമന ഉത്തരവ് നൽകിയിട്ടും ജോലിയിൽ പ്രവേശിക്കാതിരുന്ന ആറ് ഒഴിവുകളിലേക്ക് ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നിയമനം നൽകിയിട്ടുണ്ട്. അവരുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു:

(1) ശ്രീമതി കെ. ജെ. ജെസ്റ്റി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (സബോർഡിനേറ്റ് സർവ്വീസ്).

(2) ശ്രീമതി എസ്. എൽ. മിനി, ലാൻഡ് റവന്യൂ വകുപ്പ് (സബോർഡിനേറ്റ് സർവ്വീസ്).

(3) ശ്രീമതി ഹരിത എസ്. കുറുപ്പ്, ജലസേചന വകുപ്പ് (സബോർഡിനേറ്റ് സർവ്വീസ്).

(4) ശ്രീ. എൻ. പി. സാന്റി, കൃഷിവകുപ്പ് (സബോർഡിനേറ്റ് സർവ്വീസ്).

(5) ശ്രീ. ജി. ബി. രാജേഷ്, കോളേജ് വിദ്യാഭ്യാസ വകുപ്പ് (സബോർഡിനേറ്റ് സർവ്വീസ്).

(6) ശ്രീ. എൽ. വിനോദ്കുമാർ, അഡ്മിനിസ്ട്രേറ്റീവ് സെക്രട്ടേറിയറ്റ് (സബോർഡിനേറ്റ് സർവ്വീസ്).

(ബി) പബ്ലിക് സർവ്വീസ് കമ്മീഷൻ പ്രസിദ്ധീകരിക്കുന്ന റാങ്ക് ലിസ്റ്റുകളിൽ നിന്നുള്ള നിയമനത്തിന് കായിക താരങ്ങൾക്ക് യാതൊരു മുൻഗണനയും ഇല്ല. എന്നാൽ പബ്ലിക് സർവ്വീസ് കമ്മീഷൻ പ്രസിദ്ധീകരിക്കുന്ന ക്ലാസ് 3, ക്ലാസ് 4 തസ്തികകളിലേയ്ക്കുള്ള റാങ്ക് ലിസ്റ്റുകൾ തയ്യാറാക്കുമ്പോൾ റാങ്ക് നിർണ്ണയത്തിന് 11-1-1978-ലെ ജി.ഒ. (എംഎസ്.) നമ്പർ 21/78/ജി.എ.ഡി. ഉത്തരവിൽ നിഷ്കർഷിച്ചിരിക്കുന്ന നിബന്ധനകൾക്ക് വിധേയമായി വെയിറ്റേജ് മാർക്ക് നൽകുന്നുണ്ട്.

(സി) വിവിധ കായിക ഇനങ്ങളിൽ അന്തർദേശീയ, ദേശീയ, സംസ്ഥാന, അന്തർ സർവ്വകലാശാല, സർവ്വകലാശാല മുതലായ മൽസരങ്ങളിൽ ഉള്ള നേട്ടങ്ങളുടെ അടിസ്ഥാനത്തിൽ കായിക താരങ്ങൾക്ക് 4 ശതമാനം മുതൽ 30 ശതമാനം വരെ അധിക മാർക്ക് (എക്സ്ട്രാ മാർക്ക്) കൊടുക്കുന്നതിന് 11-1-1978-ലെ ഉത്തരവുപ്രകാരം വ്യവസ്ഥയുണ്ട്.

(ഡി ആന്റ് ഇ) സർക്കാർ സർവ്വീസിലേക്കുള്ള കായിക കാറ്റഗറി പദ്ധതി പ്രകാരമുള്ള നിയമനങ്ങൾ പബ്ലിക് സർവ്വീസ് കമ്മീഷന്റെ പരിധിയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. 23-12-2003-ലെ 54735/എസ്.ഡി.1/2003/ജി.എ.ഡി. വിജ്ഞാപന പ്രകാരം 1997-2001 കാലയളവിൽ കായിക കാറ്റഗറിയിലുള്ള 100 ഒഴിവുകളിൽ നിയമനം നടത്തുന്നതിന് സർക്കാർ അപേക്ഷ ക്ഷണിക്കുകയും അതുപ്രകാരം ലഭിച്ച അപേക്ഷകൾ പരിശോധന നടത്തിവരികയുമാണ്.

LIBRARY ARCHIVES Kerala Legislative Assembly